തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 63,000 രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പണി താമസംവിനാ നടത്താൻ നടപടികൾ സ്വീകരിച്ചു വരുന്നു.

191 (2507) പാറശ്ശാല സർക്കാർ ആശുപത്രിയിലെ പുതിയ വാർഡ്

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല സർക്കാർ ആശുപത്രിയിൽ 50 കിടക്കകളുള്ള വാർഡിന്റെ പണി പൂർത്തിയായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാർഡിന് ആവശ്യമായ സ്റ്റാഫ്, ഫർണിച്ചർ, മറ്റ് സൗകര്യങ്ങൾ എന്നിവ അനുവദിച്ച് ഇക്കൊല്ലം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക നിയന്ത്രണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ സാമ്പത്തികവർഷം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഉണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഫർണിച്ചറും മറ്റും അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

192 (2508) കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി ഫസ്റ്റ് റഫറൽ ആശുപത്രിയാക്കുന്നതിന് നടപടി

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഫസ്റ്റ് റഫറൽ ആശുപത്രിയാക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് എന്ത് താമസം ഉണ്ടാകും;

(സി) ഇത് എപ്പോൾ ഫസ്റ്റ് റഫറൽ ആശുപത്രിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ)(ബി)&(സി) കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി ഇപ്പോൾ ഫസ്റ്റ് റഫറൽ ആശുപത്രി ആണ്. അവിടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

193 (2509) തിരുവല്ല താലൂക്ക് ഗവണ്മെന്റ് ആശുപത്രിയുടെ പ്രവർത്തനം

ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഫസ്റ്റ് റഫറൽ യൂണിറ്റായി ഉയർത്തിയിട്ടുള്ള തിരുവല്ല താലൂക്ക് ഗവണ്മെന്റ് ആശുപത്രിയിൽ നിരവധി ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ എന്നറിയിക്കുമോ;

(ബി) ഇതുമൂലം രോഗികൾക്ക് യഥാസമയം ചികിത്സ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെ ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ഒഴിവുകൾ നികത്തുമ്പോൾ ഒരു സർജനേയും ഓർത്തോപീഡിക്സ് സ്പെഷ്യലിസ്റ്റിനേയും നിയമിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു അസിസ്റ്റന്റ് സർജന്റെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്പെഷ്യലിസ്റ്റുകളുടെ ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

194 (2510) കളമശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളമശ്ശേരിയിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹികാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) എല്ലാ സൗകര്യങ്ങളുമുള്ള ഈ പ്രാഥമികാരോഗ്യകേന്ദ്രം അപ്ഗ്രേഡ് ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഈ സ്ഥാപനം ഇടപ്പള്ളി ബ്ലോക്കിൽപ്പെടുന്നതും പ്രസ്തുത ബ്ലോക്കിൽ തന്നെ ചേറനല്ലൂർ പി.എച്ച്.സി.യും, കളമശ്ശേരി, കാക്കനാട്, തൃക്കാക്കര എന്നീ മിനി പി.എച്ച്.സി.കളും പിഴല പി.എച്ച്.സി. യും ഗവണ്മെന്റ് ഡിസ്പെൻസറി ഇടപ്പള്ളിയും ഉണ്ട്. ഇവിടെനിന്നും ആലുവ ഗവണ്മെന്റ് ആശുപത്രിയിലേയ്ക്കും എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്കും 12 കി.മീ. മാത്രമേ ദൂരമുള്ളൂ. വിദഗ്ദ്ധചികിത്സ ഈ പ്രദേശത്ത് ലഭ്യമായതിനാൽ കളമശ്ശേരി പി.എച്ച്.സി. യെ അപ്ഗ്രേഡ് ചെയ്യേണ്ട ആവശ്യം ഉണ്ടെന്ന് ഗവണ്മെന്റ് കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly